"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യു വകുപ്പ് - തൃശ്ശൂർ ജില്ല - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, **2008** - കെട്ടിട നിർമ്മാണത്തിന് അടവാക്കിയ ഫീസ് ശ്രീ. രാഘവൻ, ശ്രീമതി ഷൈജ രാഘവൻ എന്നിവർക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1466/2026/RD തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. ഇരിങ്ങാലക്കുട ആർഡിഒ യുടെ 24.08.2020 തീയതിയിലെ B2-5995/2020 നമ്പർ നടപടിക്രമം.
2. ഇരിങ്ങാലക്കുട ആർഡിഒ യുടെ 25.09.2025 തീയതിയിലെ RDOIJK/1517/2025-B2 നമ്പർ നടപടിക്രമം.
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 22.10.2025 തീയതിയിലെ DCTSR/2092/2023-B11 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.07.2026 തീയതിയിലെ LR/3832/2026-LR(A7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ, ഇരിങ്ങാലക്കുട വില്ലേജിലെ ശ്രീ. രാഘവൻ, ശ്രീമതി ഷൈജ രാഘവൻ, പാലക്കൽ ഹൗസ്, ഇരിങ്ങാലക്കുട എന്നിവർക്ക് ഇരിങ്ങാലക്കുട വില്ലേജിൽപ്പെട്ട സർവ്വെ **128/2-3** ലെ **3.27** ആർ ഭൂമിക്ക് പരാമർശം **(1)** നടപടിക്രമം പ്രകാരം സ്വഭാവ വ്യതിയാനത്തിനുള്ള അനുമതി നൽകിയിരുന്നു. ടി ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം **6113** ചതുരശ്ര അടിയായതിനാൽ **3000** ചതുരശ്ര അടിയിൽ കൂടുതലായ **3113** ചതുരശ്ര അടിക്ക് **3,11,300/-** രൂപ കക്ഷി അടവാക്കിയിട്ടുള്ളതുമാണ്.

**2.** എന്നാൽ നിലവിലെ സാഹചര്യത്തിൽ അപേക്ഷകർക്ക് സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഇല്ലാത്തതിനാൽ **3000** ചതുരശ്ര അടിയിൽ കൂടുതലായ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഫീസിനത്തിൽ അധികമായി അടച്ച **3,11,300/-**രൂപ റീഫണ്ട് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ടി തുക സർക്കാരിൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക്



File No. PB2/429/2026-REV (Computer No. 3559858)
Generated from eOffice by NANDINI S G, ASST (PB2) REV, ASST (PB2) REV, Revenue Department on 31/07/2026 02:34 PM

റീഫണ്ട് ചെയ്തു നൽകുവാൻ ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ സൂചന (2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

3. സ്വഭാവ വ്യതിയാന അനുമതി നൽകിയ ഭൂമിയിൽ നാളിതുവരെ കെട്ടിടം നിർമ്മിച്ചിട്ടില്ലാത്തതാണെന്ന് ഇരിങ്ങാലക്കുട വില്ലേജ് ഓഫീസറും ഇരിങ്ങാലക്കുട നഗരസഭയും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സൂചന (3) കത്തിൽ പരാമർശിച്ചിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ അപേക്ഷകർ KL006207244202021 നമ്പർ ചലാൻ മുഖേന ഇരിങ്ങാലക്കുട ജില്ലാ ട്രഷറിൽ ഒടുക്കിയ 3,11,300/-(മൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ് രൂപ) റീഫണ്ട് ചെയ്ത് നല്കാവുന്നതാണെന്നും സൂചന (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്വഭാവവ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന കെട്ടിടത്തിന്റെ ഫീസിനത്തിൽ ശ്രീ. രാഘവൻ, ശ്രീമതി ഷൈജ രാഘവൻ എന്നിവരിൽ നിന്നും 0029-00-800-88 എന്ന ശീർഷകത്തിൽ അധികമായി ഈടാക്കിയ 3,11,300/-(മൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ, പ്രസ്തുത ശീർഷകത്തിൽ നിലവിൽ വരവ് ഉണ്ടാകാത്തതിനാൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള കാർഷികാഭിവൃദ്ധി ഫണ്ടിൽ നിന്നും തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത നിയമപ്രകാരം ഫീസിനത്തിൽ ഈടാക്കുന്ന തുക തിരികെ നൽകുന്ന വേളയിൽ ആയതിന്റെ കണക്ക് വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടിയും ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. രാഘവൻ, ശ്രീമതി ഷൈജ രാഘവൻ, പാലക്കൽ ഹൗസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ - 680121
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, തൃശ്ശൂർ.
5. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ.



File No. PB2/429/2026-REV (Computer No. 3559858)
Generated from eOffice by NANDINI S G, ASST (PB2) REV, ASST (PB2) REV, Revenue Department on 31/07/2026 02:34 PM

6. ധനകാര്യ (വ്യയം-ഡി) വകുപ്പ് (24.07.2026-ലെ EXP-D1/342/2026-FIN പ്രകാരം)
7. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ